**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **16-03-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി. നന്ദകുമാർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും ഏറെ കുതിപ്പ് നൽകാനിടയുള്ള കൊല്ലം-കോഴിക്കോട് ദേശീയ ജലപാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ ദൈർഘ്യം വരുന്ന ദേശീയ ജലപാത – 3 ലെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാതാ അതോറിറ്റിയുടെ (IWAI) യുടെ അധീനതയിലാണ് നടപ്പാക്കുന്നത്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ദൈർഘ്യം ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജും പുനർ നിർമ്മാണം നടന്നു വരുന്നു. ചവറ കോവിൽത്തോട്ടത്ത് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതി നായുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) ദേശീയ ജലപാത അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കും. കൂടാതെ മലപ്പുറം ജില്ലയിലൂടെ കടന്ന് പോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്കഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | കിഫ്ബി ഫണ്ടുപയോഗിച്ച് വികസിപ്പിക്കുന്ന കൊല്ലം-കോവളം, കോഴിക്കോട്-ബേക്കൽ അനുബന്ധ പാതകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (ബി) | കോവളം - കൊല്ലം കോവളം മുതൽ വള്ളക്കടവ് വരെ ജലപാതയുടെ വീതി 35 മീറ്റർ (25 മീ. ജലപാത + ഇരുവശങ്ങളിലും 5 മീ. ബണ്ട് റോഡ്) ആക്കി മാറ്റുന്നതിലേയ്ക്കായി പാർവ്വതീ പുത്തനാറിന്റെ |

ഇരുവശങ്ങളിലും അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി KIIFB ധനസഹായ ത്തോടെ 66.39 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കോവളം- ആക്കുളം ഭാഗത്ത് പാർവ്വതീ പുത്തനാറിന്റെ വീതിയും ആഴവും കൂട്ടി നവീകരിക്കുന്നതിനും, കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ, ഫൂട്ട് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 150 കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. അതിൻപ്രകാരം ഡി.പി.ആർ തയ്യാറാക്കി KIIFB യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. വേളി മുതൽ പള്ളിത്തുറ വരെ കനാലിന്റെ ഇരുവശത്തും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. പുത്തനാറിൽ പുത്തൻപാലത്തും പനത്തുറയിലും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റീൽ ലാറ്റിസ് വെഹിക്കുലർ പാലങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പുത്തനാറിനു കുറുകെ ആവശ്യത്തിനു വെർട്ടിക്കൽ / ഹൊറിസോണ്ടൽ ക്ലിയറൻസ് ലഭ്യമല്ലാതെ നിർമ്മിച്ചിരിക്കുന്ന നിർമ്മിതികൾ നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോവളം മുതൽ വർക്കല വരെ കനാൽ വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ടി വരുന്ന 1275 ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് KIIFB യുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
പുനരധിവാസത്തിനുള്ള അർഹത പരിശോധിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ PMU രൂപീകരിച്ച് വിവരങ്ങൾ ശേഖരിച്ചു വരുന്നു. കോഴിക്കോട് - ബേക്കൽ കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ ജലപാതാ നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. കനോലി കനാൽ വികസിപ്പിക്കുന്നതിനായുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്. മാഹി വളപട്ടണം ഭാഗത്ത് ഏകദേശം 26.5 കി.മീ കനാൽ പുതുതായി നിർമ്മിക്കേണ്ടി വരും ഇതിനായി സ്ഥലം

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനായി 650 കോടി രൂപ KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയായി വരുന്നു. അതുപോലെ നീലേശ്വരം ബേക്കൽ ഭാഗത്തും 6.5 കി.മീ കനാൽ പുതുതായി നിർമ്മിക്കേണ്ടി വരും. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 189 കോടി രൂപ KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള വാട്ടർ ബാലൻസ് സ്റ്റഡി, സർവ്വെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (സി) | കോഴിക്കോട് നഗരത്തിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും സൗന്ദര്യവൽക്കരണത്തിനും ആയിരത്തി ഒരുനൂറ്റി പതിനെട്ട് കോടി രൂപ മുതൽമുടക്കിൽ കനോലി കനാൽ വികസനത്തിന് തയ്യാറാക്കിയിട്ടുള്ള പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ; | (സി) | ചരക്ക് ഗതാഗതം, കോഴിക്കോട് പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണം, ടൂറിസം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പരിസ്ഥിതി സൗഹൃദപരമായി നടപ്പാക്കുന്ന കനോലി കനാൽ വികസന പദ്ധതിയിലൂടെ കനാലിന്റെ വീതി,ആഴം എന്നിവ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുക, നിഷ്കർഷിച്ചിട്ടുള്ള ഹൊറിസോണ്ടൽ / വെർട്ടിക്കൽ ക്ലിയറൻസിന് അനുസൃതമായി കനാലിനു കുറുകെയുള്ള നിർമ്മിതികൾ പുനർനിർമ്മിക്കുക, കനാൽ വികസനത്തിനാ വശ്യമായ ഭൂമി ഏറ്റെടുക്കലിൽ കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ പുനരധിവാസം, കനാലിന്റെ മലിനീകരണം ഒഴിവാക്കുന്നതിനായി ഇന്റർസെപ്റ്റർ സീവറുകളും ട്രീറ്റ്മെന്റ് സിസ്റ്റവും സ്ഥാപിക്കുക, കനാൽ തീരങ്ങളുടെ സൗന്ദര്യവത്കരണവും കനാൽ ടൂറിസവുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയും ലക്ഷ്യമിടുന്നു. |
| (ഡി) | തിരുവനന്തപുരം ജില്ലയിലെ പാർവതി പുത്തനാറിന്റെ കരയിൽ പുറമ്പോക്കിൽ കഴിയുന്നവരെ കനാൽ വികസനത്തിനായി പുനരധിവസിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. കോവളം മുതൽ വർക്കല വരെയുള്ള തീരത്ത് താമസിക്കുന്ന (ഏകദേശം 1275) കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ 247.2 കോടി രൂപ KIIFB മുഖാന്തിരം അനുവദിച്ചു. ഇതിൽ പാർവതി പുത്തനാർ ഭാഗത്തെ 803 കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത പുനരധിവാസ പദ്ധതി പ്രകാരം കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ സർക്കാർ നിർമ്മിച്ചു നൽകുകയോ, സ്വന്തം നിലയിൽ വസ്തു വാങ്ങി വീട് വയ്ക്കുന്നതിന് താല്പര്യം ഉള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം മാതൃകയിൽ ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും കൂടി 10 ലക്ഷം രൂപ (ഭൂമിയ്ക്ക് 6 ലക്ഷം+ വീടിന് 4 ലക്ഷം) അനുവദിക്കുന്നതിനോ ആണ് ലക്ഷ്യമിട്ടിട്ടുള്ളത്. പാർവ്വതീ പുത്തനാർ ഭാഗത്തെ ഫ്ലാറ്റ് മോഡൽ പുനരധിവാസത്തിനുള്ള ചുമതല കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പുറമ്പോക്ക് ഭൂമിയിൽ താമസിച്ചു വരുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിനുള്ള അർഹത പരിശോധിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ PMU രൂപീകരിച്ച് വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ